"ഭരണഭാഷ – മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ:എ8/12561/16

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ
തിരുവനന്തപുരം-33
തീയതി :16.03.2018

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - വേതനം ഉയർത്തിയത് - സംബന്ധിച്ച്.

സൂചന:- 1. സ.ഉ (സാധാ) 1010/17/തൊഴിൽ തീയതി 03.08.17.
2. ഈ ഓഫീസിലെ 21.08.17 ലെ ഇതേ നമ്പർ പുറത്തെഴുത്ത്.

--------------

ഈ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ മണിക്കൂർ വേതനം 01.04.2016 മുതൽ മുൻകാല പ്രാബല്യത്തിൽ 240/- രൂപയായി ഉയർത്തി മാസം പരമാവധി 24000/- രൂപയാക്കിക്കൊണ്ട് സൂചന (1) & (2) പ്രകാരം ഉത്തരവ് നൽകിയിരുന്നു. 01.04.2016 മുതലുള്ള കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് പല ഐ.ടി.ഐകളിൽ നിന്നും കത്തുകൾ ലഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ മുൻകാല പ്രാബല്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇനിയും കുടിശ്ശിക നൽകുവാനുള്ള സ്ഥാപനങ്ങളുണ്ടെങ്കിൽ അവർ അടിയന്തിരമായി കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അതുപോലെ ആർക്കെങ്കിലും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത തുക തിരികെ പിടിച്ച് വിശദ വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. അധിക തുക ആർക്കും നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത വിവരവും 31.03.2018 നു മുമ്പ് അറിയിക്കേണ്ടതാണ്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ഒബ്ജക്ഷൻ ഉള്ളതിനാൽ അധിക തുക നൽകിയത് സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്:- 1. പ്രിൻസിപ്പാൾ
ഐ.ടി.ഐ/എ.വി.ടി.എസ്സ്/ബി.റ്റി.സി
2. ഐ.ടി

ആർ.വി 17.03.18